# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 5914** **04.11.2016 ൽ മറുപടിക്ക്**

## സർക്കാർ വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം

**ചോദ്യം** **ഉത്തരം**

ശ്രീ. രാജു എബ്രഹാം
" കെ.കെ.രാമചന്ദ്രൻ നായർ
" ആന്റണി ജോൺ
" എസ്.രാജേന്ദ്രൻ

പ്രൊഫസി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകൾ സന്ദർശിക്കുകയും അക്കാദമിക നിലവാരം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഡയറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ ഏജൻസികളും അക്കാദമിക നിലവാരം വിലയിരുത്തുന്നുണ്ട്. വിദ്യാഭ്യാസ ജില്ലാ തലത്തിൽ പ്രവർത്തിച്ചുവരുന്ന ഓൺസൈറ്റ് സപ്പോർട്ട് സിസ്റ്റം (ഒ.എസ്.എസ്) അക്കാദമിക നിലവാരം വിലയിരുത്തി ആവശ്യമായ പിൻതുണ നൽകി വരുന്നു. ഇപ്പോൾ ഈ സംവിധാനം ഓൺസൈറ്റ് സപ്പോർട്ടിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം (ഒ.എസ്.എം.എസ്) എന്ന പേരിൽ പുന സംഘടിപ്പിക്കുവാനുള്ള പ്രവർത്തനം നടന്നു വരികയാണ്. വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള ക്യൂ.ഐ.പി. വിഭാഗത്തിന്റെ പ്രധാന ചുമതല അക്കാദമിക നിലവാരം വിലയിരുത്തുക എന്നതാണ്. കൂടാതെ അക്കാദമിക നിലവാരം കൂട്ടുതൽ മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി യുടെ നേതൃത്വത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കി അദ്ധ്യാപകർക്ക് പരിശീലനം നൽകിയും വരുന്നു.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) | ഉണ്ട്. സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇപ്രകാരം സ്കൂളുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കാനിടയാക്കിയ സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ; | സി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ മതിയായ ക്ലാസ് മുറികൾ ഇല്ലാത്തതാണ് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കാനുള്ള കാരണം. |
| ഡി) | ഇതുമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | ഡി) | മതിയായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുകയാണ് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# LIST OF GOVERNMENT SCHOOLS WORKING IN SHIFT SYSTEM 2015-16

| Sl.No. | Name of School | LP/UP/HS | DEO/AEO | District |
|---|---|---|---|---|
| 1 | Govt HSS Vallikeezhu | HS | DEO Kollam | Kollam |
| 2 | Govt.St.John's LPS.Mepral | LP | AEO Thiruvalla | Pathanamthitta |
| 3 | Govt.HS Adukkom | HS | DEO Kanjirappally | Kottayam |
| 4 | PLPS Edappally | LP | AEO Arakulam | Idukki |
| 5 | GLPS Morakad | LP | AEO Arakulam | Idukki |
| 6 | GLPS Devikulam | LP | AEO Munnar | Idukki |
| 7 | PUPSNedumkandam | UP | AEO Nedumkandam | Idukki |
| 8 | PLPS Pallikunnu | LP | AEO Peermade | Idukki |
| 9 | GUPS Pambanar | UP | AEO Peermade | Idukki |
| 10 | GVHSS Kumily | HS | DEO Kattappana | Idukki |
| 11 | GTHS Chakkupallam | HS | DEO Kattappana | Idukki |
| 12 | GHS Santhanpara | HS | DEO Kattappana | Idukki |
| 13 | GHS Chithirapuram | HS | DEO Thodupuzha | Idukki |
| 14 | GHS Bisonmally | HS | DEO Thodupuzha | Idukki |